"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ചിറ്റൂർ നിയോജകമണ്ഡലത്തിലെ ചിറ്റൂർ ഗവ . വിക്ടോറിയ ഗേൾസ് സ്കൂൾ ചുറ്റുമതിൽ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇഡബ്ല്യു-ബി) വകുപ്പ്

G.O.(Rt)No.266/2022/LSGD തീയതി,തിരുവനന്തപുരം, 07-02-2022

---

പരാമർശം:- 1. 31.10.2017 ലെ സ.ഉ(സാധാ) നം.3502/2017/തസ്വഭവ

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.11.2021 ലെ ഡിബി5/13075/21/സിഇ/തസ്വഭവ നമ്പർ കത്ത്.

3. സ . ഉ .( സാധാ ) നം . 350/2022/ ധന , തീയതി :15/01/2022

ഉത്തരവ്

പാലക്കാട് ജില്ലയിലെ ചിറ്റൂർ മണ്ഡലം ബഹു. എം എൽ എ യുടെ 2015-16 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചിറ്റൂർ നിയോജക മണ്ഡലത്തിലെ തത്തമംഗലം മുൻസിപാലിറ്റിയിലെ ചിറ്റൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ചുറ്റുമതിൽ നിർമ്മാണം " എന്ന പ്രവൃത്തിക്ക് 25 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം(1) പ്രകാരം നൽകിയിരുന്നു.

എന്നാൽ നിർമ്മാണ വേളയിൽ ചുറ്റുമതിലിന്റെ ഗേറ്റ് നിർമാണത്തിനു 2 മീറ്ററിലധികം ആഴത്തിൽ പില്ലറുകൾ സ്ഥാപിക്കേണ്ടതായി വരികയും ആയതിലുള്ള Earth work excavation ന്റെ വ്യത്യാസവും CC 1:1.5:3 , 20 mm Concrete, Steel reinforcement, എന്നീ ഇനങ്ങളുടെ വ്യത്യാസവും ,Steel buildup tubular sections, structural steel work, filling quarry muck, surface dresssing, Extra for additional lift for excavation,Centering shuttering,interlock paver block 80 mm, CC 1:2:4 20mm, RR Departmental stone എന്നീ ഇനങ്ങൾ അധികമായി വരികയും ഇതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിന് പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റ് CELSGD ക്ക് സമർപ്പിച്ചു. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് അടങ്കൽ തുകയിൽ(25 ലക്ഷം രൂപ) നിന്നുകൊണ്ട് റിവൈസ് ചെയ്യുന്നതിനുള്ള അനുമതിയ്ക്കായുള്ള ചിറ്റൂർ തത്തമംഗലം നഗരസഭ അസിസ്റ്റന്റ് എഞ്ചിനീയറുടെ 29.03.2021 ലെ ഇ1-10631/2015 നമ്പർ ശുപാർശ ബഹു ജലവിഭവ വകുപ്പ് മന്ത്രിയും ചിറ്റൂർ നിയോജക മണ്ഡലം എം.എൽ എയുമായ ശ്രീ.കൃഷ്ണൻകുട്ടി അവർകൾ ശിപാർശ ചെയ്തിട്ടുണ്ട്.

അടങ്കൽ തുകയിൽ(25 ലക്ഷം രൂപ)വ്യത്യാസം വരാതെയാണ് എസ്റ്റിമേറ്റ് പരിഷ്കരിച്ചിരിക്കുന്നത് എന്നും ആയതിനാൽ മേൽ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നല്കാവുന്നതാണെന്നും CELSGD പരാമർശം(2) ശിപാർശ ചെയ്തിട്ടുണ്ട്.

ചിറ്റൂർ നിയോജകമണ്ഡലത്തിലെ ഗവ . വിക്ടോറിയ ഗേൾസ് സ്കൂൾ ചുറ്റമതിൽ നിർ മ്മാണം എന്ന പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ സമയപരിധി കഴിഞ്ഞിട്ടുള്ളതിനാൽ പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി തുകയിൽ അധികരിക്കാതെയും 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക 5 കോടിയിൽ നിജപ്പെടുത്തിക്കൊണ്ട് ഭരണാനുമതി പുതുക്കി നൽകുന്നതിന് പരാമർശം(3) പ്രകാരം പ്രത്യേകാനുമതി അനുവദിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ചിറ്റൂർ നിയോജകമണ്ഡലത്തിലെ ചിറ്റൂർ ഗവ . വിക്ടോറിയ ഗേൾസ് സ്കൂൾ ചുറ്റമതിൽ നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി തുകയിൽ അധികരിക്കാതെയും 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ആകെ തുക 5 കോടിയിൽ നിജപ്പെടുത്തിക്കൊണ്ടും പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PREETHA K S
JOINT SECRETARY

പകർപ്പ്

ബഹു ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്സ്
ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ
നഗരകാര്യ ഡയറക്ടർ
സെക്രട്ടറി,ജില്ല പഞ്ചായത്ത്,പാലക്കാട്
സെക്രട്ടറി ,തത്തംമംഗലം മുൻസിപാലിറ്റി,പാലക്കാട്
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ,പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ